

എഡിറ്റോറിയൽ

# മാളുകളുടെ മേളനം

നന്മഭാവങ്ങൾ ഒന്നിച്ചു ചേരുന്നിടത്തേക്ക് ഒരു ഗ്രാമം മുഴുവൻ ഒഴുകി എത്തുന്ന ഇടമായിരുന്നു അമ്പലങ്ങളുടെയും പള്ളികളുടെയും ഉത്സവപ്പറമ്പുകൾ. അപ്പന്റെയും അമ്മയുടെയും കൈപിടിച്ച് വെച്ചുവാണിഭക്കടകളുടെ മുന്നിലൂടെ ഒന്നിച്ചു നീങ്ങുന്ന കാഴ്ച ഏറെ സുന്ദരമായിരുന്നു. വിലക്കുറവിന്റെ പലവക സാധനങ്ങൾ, ഒന്നെടുത്താൽ രണ്ട് കിട്ടുന്ന ആകർഷകമായ പദ്ധതികൾ! ഒരു വർഷത്തെ വരുമാനത്തിൽ നിന്നും നീക്കി വയ്ക്കുന്ന ഒരു നിശ്ചിത തുകയാണ് കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ഉത്സവകാല ക്ഷേമബത്ത!

ഉത്സവപ്പറമ്പ് കാലിയാക്കി തിരികെ പോകുന്ന കാഴ്ച ഏറെ ആഹ്ലാദകരമായിരുന്നു. കുട്ടികളുടെ കൈകളിൽ ബലൂണും കളികോപ്പുകളും മുതിർന്നവരുടെ കയ്യിൽ പാത്രങ്ങളും തുണിത്തരങ്ങളും. ചുരുക്കത്തിൽ കുറേ നാളത്തേക്ക് ഒരു വീടിനും വീട്ടുകാർക്കും ആവശ്യമായതെല്ലാം അതിലുണ്ടായിരുന്നു.

ഇന്ന് സ്ഥിരമായ ഉത്സവവേദികളായി മോഡേൺ ഷോപ്പിങ്ങ് മാളുകൾ മാറിയിരിക്കുന്നു. എല്ലാ സാധനങ്ങളും ഒരിടത്തേക്ക് ഏകീകരിക്കുകയും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ആഹ്ലാദങ്ങളുടെ രുചിരസനകളിൽ സ്വയം നഷ്ടപ്പെടുത്താൻ ഉപഭോക്താവ് നിർബന്ധിക്കപ്പെടുകയും ചെയ്യുന്നിടത്ത് ആഗോളീകരിക്കപ്പെടുന്ന സാധാരണക്കാരന്റെ ആത്മാവ് ആനന്ദത്തിന്റെ അത്യുന്നതിയിലെത്തുന്നു. കൈയിലുള്ളതു മുഴുവനും, കടം മേടിച്ചും, ചിലവിടാൻ ഒരു മടിയുമില്ലാത്ത മനസ്സ് സാധാരാണക്കാരനിൽ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു. മാളുകളിൽ നിന്നും സാധനങ്ങൾ വാങ്ങിയില്ലെങ്കിൽ, ഒരിക്കലെങ്കിലും അവിടെ പോയില്ലെങ്കിൽ അത് പരിഷ്ക്കാരമില്ലാത്തവന്റെ ലക്ഷണമാണ് എന്ന ചിന്ത ഇന്ന് സജീവമാണ്.

മൾട്ടി നാഷണൽ കമ്പനികളും വ്യക്തികളും കോടികൾ മുടക്കി കോടികൾ കൊയ്യുന്ന ഈ മാൾ വ്യാപാര സംസ്കാരത്തിന്റെ അടിമകളായി മലയാളികൾ മാറുമ്പോൾ അന്യംനിന്നു പോകുന്ന ഗ്രാമീണ നന്മ സംസ്കാരത്തിന്റെ ഉത്ഭവപ്പെരുമയും ഈ തിമിംഗല സമാനമായ വ്യാപാര രീതികളോട് മത്സരിക്കാൻ പോലും ആവാതെ ഇടത്തരം കച്ചവടക്കാരുടെ വംശം അന്യംനിന്നു പോകുന്നതും നാം കാണുന്നു.

മലയാളികളുടെ മനം നിറയുന്ന സമൃദ്ധിയുടെ ചിഹ്നമായ വിഷു ആഘോഷിക്കുകയാണ് നമ്മൾ. ഈ ആഘോഷത്തിന്റെ പിന്നിലെ ചൈതന്യം ശുദ്ധമായ ഗ്രാമീണ നന്മകളുടെ ഓർമപ്പെടുത്തലാകണം. അന്താരാഷ്ട്ര കുത്തക മുതലാളിമാർക്ക് അടിമവെച്ചിരിക്കുന്ന മലയാളിയുടെ സ്വത്വബോധത്തെ തിരികെ എത്തിക്കുവാനും നഷ്ടപ്പെടുന്ന മൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാകുവാനും ഈ വിഷു നമുക്ക് പ്രേരണയാവട്ടെ.
ഏവർക്കും വിഷുദിനാശംസകൾ..........

**ഫാ. റോബി കണ്ണൻചിറ സി.എം.ഐ.**
മാനേജിംഗ് എഡിറ്റർ

വൃത്തിയുടെ തുടക്കമെന്ന നിലക്ക് ആദ്യചാലിടൽ നടത്തുന്ന സുദിന മാണ് വിഷു.

ഉഴുതു പരുവപ്പെടുത്തിയിട്ടി രിക്കുന്ന വയലിന്റെ ആദ്യചാലിടു ന്നത് അനുഷ്ഠാന ചടങ്ങുകളോടെ യായിരുന്നു. വിഷുനാൾ പ്രഭാത ത്തിൽ ഉഴവുകാളകളെ കുളിപ്പിച്ച് അണിയിച്ചൊരുക്കുന്നു. പാടത്ത് പണിയെടുക്കുന്ന കർഷക ത്തൊഴിലാളികൾ കുളിച്ചുവന്ന് അവയെ പൊട്ടു തൊടീക്കും. കൊന്നപ്പൂ നുകത്തിൽ കെട്ടിവെ ക്കും. പാടത്തിന്റെ തെക്കുപടി ഞ്ഞാറേ കോണിലായി നിലവി ളക്കു കത്തിച്ച് ഗണപതി ക്കൊരുക്കും. ഒരു നാളികേരം ഉട യ്ക്കും. ഉടച്ച നാളികേരമുറികൾ നോക്കി കാരണവന്മാർ ആ വർഷത്തെ കൃഷിയുടെ ജയ-പരാ ജയങ്ങൾ പറയുമായിരുന്നു. പ്രഭാത ത്തിൽതന്നെയുള്ള വയലിലെ ചാലിടൽ ചടങ്ങുകഴിഞ്ഞ് കൃഷി ക്കാരന്റെ വീട്ടിലേക്കാണ് എല്ലാ വരും കടന്നുവരുന്നത്. എല്ലാ വർക്കും കൈനീട്ടം നൽകുകയാണ് അടുത്ത പടി. കൃഷിയുമായി ബന്ധപ്പെട്ട് വള്ളുവനാട്ടിലും വട ക്കേമലബാറിലും ഓണാട്ടുകരയിലു മെല്ലാം വ്യത്യസ്തമായ രീതിയിൽ ചടങ്ങുകൾ നടക്കുമെങ്കിലും എല്ലാ ചടങ്ങുകളുടെയും ആത്മാവ് കൃഷിതന്നെയാണ്.

വിഷുവിന്റെ ഏറ്റവും വലിയ ആകർഷണം വിഷുക്കണിയാണ്. തേച്ചുമിനുക്കിയ ഓട്ടുരുളിയിലാണ് കണിയൊരുക്കുന്നത്. കൊന്നപ്പൂവും കണിവെള്ളരിയും ഗ്രന്ഥവും സ്വർണ്ണവും അലക്കിയ മുണ്ടും വാൽക്കണ്ണാടിയും നാണ യവും നാളികേരം, ചക്ക, മാങ്ങ തുടങ്ങിയ ഫലങ്ങളും ഒക്കെവച്ച് വിഷുത്തലേന്നേ കണിയൊരുക്കും. അടുത്ത ഒരാണ്ടിലേക്കു വേണ്ട ഭാവിയുടെ പുസ്തകമാണ് വിഷു. വിഷു എത്തുമുമ്പേ വിഷുഫലം വരും. വിഷുവിന്റെ നക്ഷത്രം നോക്കി ആ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഫലോദയത്തെ നാം കണ്ടെടുക്കുന്നു.

വിഷുവിനെക്കുറിച്ചുള്ള ഓർമയിൽ ആദ്യമെത്തുക വിഷു ക്കൈനീട്ടം തന്നെയാണ്. അമ്മ തലേന്നാൾതന്നെ ഒരുക്കിവെച്ച



കണിയും കൃഷ്ണവിഗ്രഹവും കാണുന്നതിനേക്കാൾ കുട്ടികൾക്ക് പ്രധാനം വിഷുക്കൈനീട്ടമായി കിട്ടുന്ന നാണയത്തുട്ടുകളായിരു ന്നു. ആകെ എത്ര രൂപ വിഷുക്കൈ നീട്ടമായി കിട്ടുമെന്ന് സ്വയം ചോദി ച്ചാണ് ഉറങ്ങാൻ കിടക്കുക. കൈനീട്ടമായി കിട്ടുന്ന നാണയം സൂക്ഷിക്കാൻ ഒരു പഴയ പേഴ്സും എവിടെനിന്നെങ്കിലും സംഘടിപ്പി ക്കും. അതിരാവിലെ എഴുന്നേറ്റ് കണികണ്ടുവെന്ന് വരുത്തി തീർത്ത് കൈനീട്ടം വാങ്ങാനായി ഒരു പാച്ചി ലാണ്. ഒന്നോരണ്ടോ രൂപയുടെ നാണയമാണ് വിഷുക്കൈനീട്ട ത്തിന്റെ ഏറ്റവും ഉയർന്ന നിരക്ക്.

കൈനീട്ടം കിട്ടുന്ന നാണയ ങ്ങൾ തിരിച്ചും മറിച്ചും പലതവണ യെണ്ണും. ഈ സമയത്താണ് റോഡിൽ ഐസ്മിഠായിക്കാരന്റെ മണിയടി കേൾക്കുക. ചുവടറ്റത്ത് സേമിയ വച്ചതും ചെറിയ പ്ലാസ്റ്റിക് കവറിൽ നിറച്ചതുമായ ഐസ്മിഠാ യികളാണ് അക്കാലത്തെ ആകർഷ ണം. കൈനീട്ടം കിട്ടുന്ന പൈസ കൊണ്ട് ഇത് വാങ്ങിക്കഴിക്കുവാൻ മുൻകൂർ അനുമതിയുണ്ട് വിഷുവി ന്. കൈനിറയെ നാണയത്തുട്ടുകളു മായി തുള്ളിച്ചാടി നടക്കുമ്പോ ഴത്തെ മാനസികാവസ്ഥ വാക്കുക ളിലും വരകളിലും ഒതുങ്ങുന്നതല്ല. ഇന്നിതാ നാണയത്തുട്ടുകൾക്കുപ കരം വലിയ തുകയുടെ കറൻസി നോട്ടുകളാണ് വിഷുക്കൈനീട്ട മായി നൽകുന്നത്! പക്ഷേ, കുട്ടി ക്കാലത്ത് അച്ഛൻ കൈനീട്ടമായി ആദ്യം നൽകുന്ന ഒരു രൂപ നാണ യത്തിന്റെയും വിഷു സ്പെഷ്യ ലായി കൈനീട്ടം കൊണ്ട് വാങ്ങി ക്കഴിച്ച ഐസ്മിഠായിയുടെയും മാധുര്യവും ഹൃദ്യതയും...ഇന്നും അതൊരു മധുരിക്കുന്ന ഓർമ്മയല്ലേ?

അനുഭവത്തെ താരതമ്യം ചെയ്യുകയല്ല. അതു പങ്കുവക്കാൻ സാധ്യമല്ലാത്ത ഒന്നാണ്. ഇനിയും വരുന്ന തലമുറയോട് വിഷുവിന്റെ സഫലത എന്തെന്ന് പറയാനൊരു ശ്രമം നടത്താമെന്നേയുള്ളൂ. അതിൽ പരാജയപ്പെട്ടാലും വിഷു വിന്റെ ഉർവരമായ സന്ദേശം വിജയ പതാകയുമായി നിൽക്കും. ഈ മണ്ണിൽ നിന്ന് അവസാനത്തെ തളിർപ്പും മായുംവരെ.

ആവർത്തിച്ചുദ്ധരിക്ക പ്പെടുന്ന വൈലോപ്പിള്ളിക്ക വിതയിൽ പറയുന്നത്, *മനസ്സിലു ണ്ടാവട്ടെ ഗ്രാമത്തിൻ വിശുദ്ധിയും മണവും മമതയും ഇത്തിരി ക്കൊന്നപ്പൂവും* എന്നാണ്. ഇതൊരു വീൺവാക്കായി നാം ആശംസിച്ചു പോരുന്നുണ്ട്. എവിടെ ഗ്രാമവിശു ദ്ധി, മണം, മമത, കൊന്നപ്പൂവ് എന്നൊക്കെ ഒന്നു സാവകാശം അന്വേഷിച്ചാൽ ഒറ്റവാക്കിൽ *കണ്ടില്ല* എന്നുത്തരം പറയേണ്ടിവ രും. വഴിവക്കിൽ വിൽക്കാൻ വെച്ച *കണിപ്പായ്ക്കറ്റ്* വാങ്ങി നിരത്തിവച്ച് കണികണ്ട് പിൻവാങ്ങുമ്പോൾ വലി യൊരു ബാധ്യത തീർത്ത നെടു വീർപ്പുണ്ടു നമുക്ക്! *വിഷു ആഘോ ഷിച്ചിരിക്കുന്നു* എന്ന്. അതിൽ ഒതു ങ്ങിയാൽ മതിയോ എന്നത് ഓരോ മലയാളിയുടെയും മനസ്സാക്ഷിയോ ടുള്ള ചോദ്യമാണ്. ഉത്തരം പറയേ ണ്ടത് നാം ഓരോരുത്തരുമാണ്-ഉ ത്തരം പറയുകയല്ല വേണ്ടത് പ്രവർത്തിക്കുകയാണ്.

ഭൗതികമായി നാമെത്ര മാറി യാലും കൃഷിയിൽ നിന്ന് എത്രയക ന്നുപോയാലും ഒരു നേർത്തവിളി വിഷുക്കാലത്തിനുമുമ്പ് ഉള്ളിൽ മുഴങ്ങും. അത് വിത്തും കൈക്കോട്ടും പാടുന്ന വിഷുപ്പക്ഷി യുടെ പാട്ടാണ്. അതിന് കാതോർത്ത് നാമിരിക്കുന്നു. കണി യുടെ സമൃദ്ധിക്കായി-വിഷുഫല ത്തിന്റെ നന്മക്കായി പ്രിയ കവി അയ്യപ്പപ്പണിക്കർ എഴുതിയതാണ് വിഷുവിന്റെ ഭരതവാക്യം.

*കണിക്കൊന്നയല്ലേ, വിഷുക്കാല*
*മല്ലേ*
*എനിക്കാവതില്ലേ പൂക്കാതിരി*
*ക്കാൻ-*
*എനിക്കാവതില്ലേ* ■

കൂട്ടികൊണ്ട് പോകും മുമ്പ് പൂജാമുറിയിൽ സുകുമാരി ചേച്ചി പകർന്ന അഗ്നിനാവുകളാൽ വിശുദ്ധയാക്കുകയായിരുന്നു മെല്ലെ ദിവസങ്ങൾ കൊണ്ട് ആ നാളങ്ങൾ മഹാഅഗ്നിയിലേക്ക് ചേച്ചിയെ ശാശ്വതമായി ശുദ്ധീകരിച്ച് അനശ്വരയാക്കുകയായിരുന്നു.

ചേച്ചിയോടൊപ്പം തിരുവ



*സുകുമാരിയുടെ ചെറുപ്പകാല ഫോട്ടോ*

നന്തപുരത്തു നിന്നു എറണാകുളത്തേക്കുള്ള ഒരു യാത്ര ഞാനോർക്കുന്നു. ആ യാത്രയിൽ സംസാരിച്ചതു മുഴുവൻ ഭക്തിയെക്കുറിച്ചും ആരാധനയെക്കുറിച്ചുമായിരുന്നു. അപൂർവമായ



സ്നേഹവായ്പ്പോടെ മൂല്യങ്ങളിലൂന്നിയാണ് ചേച്ചി സംസാരിച്ചത്.

സിനിമയിൽ ചായ കൊടുക്കുന്നയാൾ മുതൽ സംവിധായകൻ വരെ എല്ലാവരിലും സ്നേഹം നിറക്കുവാൻ കഴിഞ്ഞിരുന്നു. കുറവുകളല്ല സാധ്യതകളാണ് ചേച്ചി കണ്ടിരുന്നത്. പകരം വയ്ക്കാനാകാത്തവിധം രംഗം കീഴടക്കി യാത്രയാകുമ്പോൾ 1200 ലേറെ ചിത്രങ്ങളിൽ വിവിധ ഭാഷകളിൽ വിവിധ വേഷങ്ങളിൽ വൈവിധ്യമാർന്ന കഥാപാത്രങ്ങളാൽ ഇന്ത്യൻ ചലച്ചിത്രത്തെ ധന്യമാക്കിയിരുന്നു. 1950 ൽ പത്താം വയസ്സിൽ ബാലതാരമായി അഭിനയിച്ചു തുടങ്ങിയത് *തസ്കരവീരൻ* എന്ന ബ്ലാക് ആന്റ് വൈറ്റ് ചിത്രത്തിലൂടെയായിരുന്നു. പിന്നെ പൂജാമുറിയിലെ അഗ്നിനാളം പടർന്ന് കയറുംവരേയും ആ അഭിനയ പ്രയാണം തുടരുകയായിരുന്നു. ഒരു തെളിനീർ പ്രവാഹം പോലെ.

എംജിആർ, എൻടിആർ, ശിവാജി, ജയലളിത, തിക്കുറിശ്ശി, സത്യൻ, നസീർ, മധു തുടങ്ങിയ പുതിയ തലമുറയോടൊപ്പവും അൻപത് വർഷക്കാലം വിശ്രമരഹിതമായി അഭിനയിച്ച് നടക്കുകയായിരുന്നു. ഒരുപക്ഷേ, അഭിനയിക്കുക എന്നതാവും മനസ്സിന്റെ വിശ്രമം. ഈ ദീപ്തസ്മരണക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു. ചേച്ചി അനശ്വരയാകുന്നു.

# Funny Quips

Advertisement in a Long Island shop: "Guitar for sale. Going cheap. No strings attached".

A board hanging in a Hospital waiting room "Smoking helps you lose weight. One lung at a time"

In a bulletin: "Success is relative. More success more relatives"

A diary note said: "When I read the evils of drinking I gave up drinking"

Another diary note "My grandfather is eighty and still does not need glasses. He drinks straight out of the bottle".

You know your kids have grown up when your daughter begins to put on lipstick or your son starts to wipe it off.

Sign in a bar: Those of you who are drinking to forget, Please pay In advance.

Sign in a driving school: If your wife wants to learn to drive don't stand in her way.

*Compiled by*
**Vijayan Menon**

5 മേഖലാ സമിതികൾ, അന്തിമസമിതി എന്നിങ്ങനെ മൂന്നുതലങ്ങളിലൂടെയാണ് സരസ്വതി സമ്മാനത്തിന് അർഹരെ നിശ്ചയിക്കുന്നത്. ബാലാമണിയമ്മയും അയ്യപ്പപ്പണിക്കരുമാണ് ഇതിനുമുമ്പ് മലയാളത്തിൽ നിന്ന് ഈ പുരസ്കാരത്തിന് അർഹരായിട്ടുള്ളവർ.

വാഗ്ദേവതയുടെ പേരിലുള്ള പുരസ്കാരം മലയാളത്തിന്റെ വാഗ്ദേവതക്ക് ലഭിച്ചപ്പോൾ മലയാളത്തെ ഒന്നാം ഭാഷയാക്കാനുള്ള ശ്രമങ്ങൾക്ക് കരുത്ത് പകരുകയായിരുന്നു അന്നേരം സുഗതകുമാരി. തനിക്ക് കിട്ടിയ സരസ്വതി സമ്മാൻ മലയാളത്തിന് ലഭിച്ച ബഹുമതിയാണെന്നാണ് സുഗതകുമാരി പ്രതികരിച്ചത്. മലയാളത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തതിനു തനിക്ക് കിട്ടിയ അംഗീകാരമായാണ് സുഗതകുമാരി ഈ പുരസ്കാരത്തെ സ്വീകരിച്ചത്. അവാർഡ് ലഭിച്ചുവെന്നറിഞ്ഞപ്പോൾ സുഗതകുമാരി പ്രതികരിച്ചത് ഇങ്ങനെയാണ്. *മലയാളത്തെക്കുറിച്ച് പറയുമ്പോൾ അൽപം വ്യസനമുണ്ട്. നമ്മുടെ കുട്ടികൾക്കൊക്കെ മലയാളത്തോടുള്ള ബഹുമാനം വളരെ കുറവാണ്. കുഞ്ഞുങ്ങൾക്ക് നാലുവരി മലയാള കവിത ചൊല്ലാൻ അറിയില്ല. രാമായണത്തിലെ നാലുവരിയോ കുമാരനാശാന്റെ നാലുവരിയോ ചൊല്ലാൻ കുഞ്ഞുങ്ങൾക്ക് അറിയില്ല. അങ്ങനെ വേരുകളില്ലാത്ത ഒരു തലമുറ വളർന്നുവരുന്നു. ഐ.ടി.മേഖലയുടെയൊക്കെ വലിയ വലിയ സ്വാധീനം, എല്ലാത്തിന്റെ മുകളിലും പണമാണെന്ന തോന്നൽ ഇതൊക്കെയാണ് മലയാളത്തെ അവഗണിക്കാൻ കാരണമെന്ന് എനിക്ക് തോന്നുന്നു. പെറ്റമ്മക്ക് പരിഷ്ക്കാരം പോരെന്നോ സാമർഥ്യം പോരെന്നോ ഒക്കെയുള്ള വിചാരമാണ്. നേരെ മറിച്ച് തമിഴ്നാട്ടിലോ തെലുങ്ക് നാട്ടിലോ ഒക്കെ പോയി നോക്കൂ. അവിടെയൊക്കെ എന്തൊരു ബഹുമാനമാണ് ഭാഷയോട്.*

എഴുത്തിന് പുറമേ സുഗതകുമാരി നിറഞ്ഞുനിൽക്കുന്ന മേഖലകൾ സാമൂഹ്യപ്രവർത്തനവും പരിസ്ഥതി പ്രവർത്തനവുമാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഏത് വിഷയത്തിലും ഊർജസ്വലതയോടെ എന്നും അവർ സജീവമായിരിക്കും. പ്രകൃതി സംരക്ഷണസമിതിയുടെയും അഭയയുടെയും സ്ഥാപക സെക്രട്ടറിയാണ് സുഗതകുമാരി. ബോധേശ്വരന്റെയും വി. കെ.കാർത്യായനിയുടെയും മകളായി 1934 ജനുവരിയിലായിരുന്നു ജനനം. 1961 ലാണ് സുഗതകുമാരിയുടെ ആദ്യ കവിതയായ *മുത്തുച്ചിപ്പി* പ്രസിദ്ധീകരിച്ചത്. *പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, ഇരുൾ ചിറകുകൾ, രാത്രിമഴ, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, തുലാവർഷപ്പച്ച, രാധയെവിടെ, കൃഷ്ണ കവിതകൾ* എന്നിവയാണ് മറ്റ് പ്രധാന കൃതികൾ. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങിയ ഒട്ടേറെ സമ്മാനങ്ങൾ സുഗതകുമാരിയെ തേടിയെത്തി. പരിസ്ഥിതി പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഭാരത സർക്കാറിന്റെ ആദ്യത്തേ *വൃക്ഷമിത്ര* അവാർഡ് നേടിയ സുഗതകുമാരിക്ക് 2006 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.

ഭൂമി നമ്മുടെ അമ്മയാണെന്ന് കവിതകളിലൂടെയും എഴുത്തിലൂടെയും നിരന്തരം നമ്മെ ഓർമപ്പെടുത്തുകയാണ് സുഗതകുമാരി ചെയ്യുന്നത്. ആ എഴുത്തിന് ലഭിച്ച അംഗീകാരം മലയാളത്തിനും നമ്മുടെ പച്ചപ്പിനും ലഭിച്ച അംഗീകാരമായാണ് നാമും വിലയിരുത്തേണ്ടത്. നമ്മുടെ പ്രകൃതിയെ പരിപാലിക്കാനും സംരക്ഷിക്കാനും ഓരോ മലയാളിക്കും ഈ അവാർഡ് പ്രചോദനമാകേണ്ടതുണ്ട്. സുഗതകുമാരിയോടൊപ്പം ചേർന്ന് പരിസ്ഥിതിയേയും പ്രകൃതിയേയും കാർന്നു തിന്നുന്നവർക്കെതിരെ നമുക്കും പറയാം മാനിഷാദാ എന്ന്. ■

കവിത

# കർണ്ണികാരം

**സുമാരാജേന്ദ്രൻ**

കർണ്ണികാരപ്പൂക്കൾ വിടർന്നൂ-
മണ്ണിലിന്നോരോണമായി.
കണ്ണിനാലെ കഥമെനയും
കാർവർണ്ണനുണ്ണിക്ക്
കിങ്ങിണിയായ് നൃത്തമാടും
കർണ്ണികാരമേ.........നീ......
കീർത്തിനേടി, പാർത്തലത്തിൽ-
സൂര്യശോഭപോലെമിന്നി...
കാർമുകിലും നാണിച്ചെന്നോ
കർണ്ണികാരമേ! നീ...
കാതിലോലക്കമ്മലാകും
പ്രകൃതി സുന്ദരിക്ക്....
നീ, വർണ്ണവൈഖരി-
തീർത്തു മിന്നും, മാനസങ്ങളിൽ

■

ഈ മേഖലയിലെ വാണിജ്യവൃത്തങ്ങൾ നൽകുന്ന സൂചന . അതായത് ഏകദേശം 6000കോടി രൂപയുടെ നിക്ഷേപമാണ് ഷോപ്പിങ്ങ് മാൾ മേഖലയിലേക്ക് വരാൻ സാധ്യതയുള്ളത്. എറണാകുളത്താണ് ശരിയായ അർത്ഥത്തിൽ ഒരു വൻകിട ഷോപ്പിങ്ങ് മാൾ 2008ൽ പ്രവർത്തനമാരംഭിച്ചത്. തുടക്കത്തിൽ ആദ്യമായി തുടങ്ങിയ ഒബ്റോൺ മാളിൽ ഉപഭോക്താക്കളുടെ തള്ളിക്കയറ്റമുണ്ടായിരുന്നില്ല. എന്നാൽ ഷോപ്പിങ്ങ് മേഖലയിലെ ഈ പുതിയ പരീക്ഷണം കാലക്രമേണ വരേണ്യ വർഗ്ഗക്കാർ രണ്ടു കൈയ്യും നീട്ടി സ്വീകരിച്ചു. വൻകിട ബ്രാൻഡുകൾ, മൾട്ടിപ്ലെക്സ് തിയറ്ററുകൾ, വിശാലമായ കാർ പാർക്കിങ്ങ്, വൈവിധ്യമാർന്ന ഭക്ഷണ വിഭവങ്ങൾ എന്നിവ ലഭ്യമാക്കുന്ന വിശാലമായ ഫുഡ്കോർട്ടുകൾ സുഖശീതളമായ അന്തരീക്ഷം. ഒരു ദിനം മുഴുവൻ ചെലവഴിക്കാൻ വൈവിധ്യമാർന്ന സൗകര്യങ്ങൾ സുരക്ഷിതത്വം എന്നീ ഘടകങ്ങളാണ് ഷോപ്പിങ്ങ് മാളിലേക്ക് ജനങ്ങളെ ആകർഷിക്കുന്ന പ്രധാന ഘടകങ്ങൾ. ഇതിന് പുറമെ, കേരളത്തിലെ ഐ.ടി. ഉൾപ്പെടെയുള്ള വിവിധ തൊഴിൽമേഖലയിൽ ജോലി ചെയ്യുന്ന പുതിയ തലമുറയുടെ കൈകളിലേക്ക് ഒഴുകിയെത്തിയ *സർപ്ലസ് മണി* ചെലവഴിക്കാൻ ഷോപ്പിങ്ങ് മാൾ അവസരമൊരുക്കി

ഒബ്റോൺ മാളിന്റെ വിജയത്തിൽ നിന്ന് ഊർജമുൾകൊണ്ട് വൈറ്റിലയിൽ തുടങ്ങിയ മറ്റൊരു മാളാണ് *സൂക്ക്*. തുടക്കത്തിൽ സ്വർണ്ണാഭരണശാലകൾക്ക് മുൻതൂക്കം നൽകി തുടങ്ങാനാരം

**ഷോപ്പിങ്ങ് ഒരു കലയായി ആസ്വദിക്കുന്ന പുത്തൻ തലമുറക്ക് ആധുനിക ഷോപ്പിങ്ങ് മാളുകളിൽ നിന്ന് വാങ്ങാനാണ് എപ്പോഴും താൽപര്യം. പൊടിപടലങ്ങളില്ലാത്ത സുരക്ഷിത സംവിധാനമുള്ള ഷോപ്പിങ്ങ് മാളുകൾ വരേണ്യ വർഗക്കാർക്ക് ഏറെ പ്രിയങ്കരമാണ്.**

ഭിച്ച ഗോൾഡ് സൂക്ക് പിന്നീട് ചുവടുമാറ്റി എല്ലാ ബ്രാൻഡ് ഷോപ്പുകൾക്കും മൾട്ടിപ്ലക്സ് തിയറ്ററുകൾക്കും പ്രാധാന്യം നൽകി. സൂക്കിന്റെ വളർച്ച സാവധാനമായിരുന്നുവെങ്കിലും അവിടെ പ്രവർത്തിക്കുന്ന മൾട്ടിപ്ലക്സ് തിയറ്ററുകൾക്ക് മികച്ച പ്രതികരണം ലഭിച്ചു തുടങ്ങി. പ്രമുഖ സമുദ്രോൽപ്പന്ന കയറ്റുമതി, ഹോട്ടൽ ശൃംഖലകളുടെ പ്രമോട്ടർമാരായ ആബാദ് ഗ്രൂപ്പ്, എറണാകുളത്തെ മരടിലാരംഭിച്ച ന്യൂക്ലിയസ് മാൾ, ഗ്രീൻ മാൾ എന്ന നിലയിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധമാണ് നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചത്. എന്നാൽ മൾട്ടി പ്ലെക്സിന്റെ അഭാവം മൂലം ഈ ഷോപ്പിങ്ങ് മാളിന് വേണ്ടത്ര ഉപഭോക്താക്കളെ ആകർഷിക്കുവാൻ ഇനിയും സാധിച്ചിട്ടില്ല. ഏറ്റവും ആധുനിക രീതിയിൽ നഗരഹൃദയത്തിൽ പുതിയതായി ആരംഭിക്കുന്ന പി.വി.എസ്. ഗ്രൂപ്പിന്റെ *സെന്റർ സ്ക്വയർ* ഷോപ്പിങ്ങ് മാൾ മേഖലയിലെ മറ്റൊരു വിസ്മയമാവും.

ഇന്ത്യയിലാകമാനം 350 വൻകിട ഷോപ്പിങ്ങ് മാൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബാംഗ്ലൂർ, മുംബൈ, ഡൽഹി, എന്നീ വൻനഗരങ്ങളിൽ ഷോപ്പിങ്ങ് മാളുകൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചു വരുന്നത്. ഈ വാണിജ്യ മേഖല പ്രതിവർഷം 18മുതൽ 20% വരെ വളർച്ച കൈവരിക്കുമെന്നാണ് വിപണി വൃത്തങ്ങൾ സൂചന നൽകുന്നത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായാണ് ഷോപ്പിങ്ങ് മാളുകൾക്ക് വൻ പ്രചാരം കൈവന്നത്. ഇന്ത്യൻ വിപണിയിലേക്ക് പ്രത്യേക താത്പര്യമൊന്നും ആദ്യം പ്രദർശിപ്പിക്കാതിരുന്ന മൾട്ടി നാഷണൽ ബ്രാൻഡുകൾ പൊടുന്നനെയാണ് ഷോപ്പിങ്ങ് മാളുകളിലൂടെ അവരുടെ മുന്തിയ ബ്രാൻഡുകൾ വിറ്റഴിക്കാൻ കഴിയുമെന്ന് കണ്ടെത്തിയത്. യൂറോപ്പ്, അമേരിക്ക എന്നീ വൻ വിപണിയിലെ സാമ്പത്തിക തകർച്ചയാണ് വാൾമാർട്ട് പോലെയുള്ള വൻകിട വിദേശ കമ്പനികളെ ഇങ്ങോട്ടേക്ക് ആകർഷിച്ചത്. പ്രായേണ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഭൂരിഭാഗം ജനങ്ങളേയല്ല ഇവർ ഇന്ത്യയിൽ ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ 1%മുള്ള ധനികരെയാണ് ഈ കമ്പനികളെല്ലാം തന്നെ ലക്ഷ്യമിടുന്നത്. ഇവർ യൂറോപ്പിലെ മൊത്തം ജനസംഖ്യയുടെ അടുത്ത് വരുമെന്ന കണക്ക് വൈകിയാണ് വൻകിട മൾട്ടിനാഷണൽ കമ്പനികൾ മനസ്സിലാക്കിയത്.

ഷോപ്പിംങ്ങ് മാൾ സംസ്കാരത്തിന് കേരളത്തിൽ വേരോടാൻ കാലതാമസമെടുത്തുവെങ്കിലും താമസിയാതെ തന്നെ കേരളത്തിലുടനീളം ഈ പുത്തൻ സംസ്കാരം പടർന്ന് പന്തലിക്കാമെന്ന കാര്യത്തിൽ തെല്ലും സംശയം വേണ്ട. 1600 കോടി രൂപയുടെ നിക്ഷേപത്തോടെ 17ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന ലുലു






കൾ അനുഭവിച്ച് പരിചയിച്ച അതേ ഷോപ്പിങ്ങ് അനുഭവം ഈ മാളുകളിൽ ലഭിക്കണമെന്നതാണ് ഈ പുതിയ സംസ്കാരത്തിന് തുണയാവുന്നത്. ഇതിന് പുറമെ മൾട്ടി നാഷണൽ കമ്പനികൾ തങ്ങളുടെ സവിശേഷ ഉൽപ്പന്നങ്ങൾ ഷോപ്പിങ്ങ് മാളുകളിലെ കണ്ണഞ്ചിപ്പിക്കുന്ന വിസ്മയ ശേഖരത്തിലൂടെ വിൽക്കാനാണ് താൽപ്പര്യപ്പെടുന്നത്.

ഷോപ്പിങ്ങ് ഒരു കലയായി ആസ്വദിക്കുന്ന പുത്തൻ തലമുറക്ക് ആധുനിക ഷോപ്പിങ്ങ് മാളുകളിൽ നിന്ന് വാങ്ങാനാണ് എപ്പോഴും താൽപ്പര്യം. പൊടിപടലങ്ങളില്ലാത്ത സുരക്ഷിത സംവിധാനമുള്ള ഷോപ്പിങ്ങ് മാളുകൾ വരേണ്യ വർഗക്കാർക്ക് ഏറെ പ്രിയങ്കരമാണ്. ഷോപ്പിങ്ങ് മാളുകൾ ലക്ഷ്യമിടുന്നത് മദ്ധ്യവർഗ്ഗക്കാരേയും, ഉയർന്ന വർഗ്ഗക്കാരേയുമാണ്. അതുകൊണ്ട് എല്ലാ വിഭാഗങ്ങളും ഇവിടെ വന്ന് സാധനങ്ങൾ വാങ്ങണമെന്ന് അവർ ശഠിക്കുന്നില്ല. മൊത്തം ജനസംഖ്യയുടെ 1% മുള്ള ക്രയശേഷി (Purchasing Power) ഉയർന്നവരേയാണ് ഇവർ പ്രധാനമായും ലക്ഷ്യമിടുന്നത്.

ഏതാണ്ട് 50 ലക്ഷം രൂപ വില വരുന്ന ആഡംബര കാറുകളുമായി ഷോപ്പിങ്ങിനെത്തുന്ന ഉപഭോക്താക്കൾ സാധാരണ അങ്ങാടിയിൽ അത് പാർക്ക് ചെയ്ത് ചെറിയ കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ ഇഷ്ടപ്പെടുന്നില്ല. സുരക്ഷിതമായ പാർക്കിങ് സ്ഥലസൗകര്യവും മറ്റ് അനുബന്ധസൗകര്യങ്ങളുമുള്ള ഷോപ്പിങ്ങ് മാളുകൾ ഇവർ തിരഞ്ഞെടുക്കുന്നതിൽ എന്താണ് അത്ഭുതം? ഇതിനു പുറമെ ഒരു മേൽകൂരക്ക് താഴെ എല്ലാം ലഭിക്കുമെന്നുള്ളപ്പോൾ ഷോപ്പിങ്ങ് മാൾ വിട്ട് എന്തിന് പല കടകളിൽ അലയണം?

ഷോപ്പിങ്ങ് ആധുനിക കാലത്ത് മാനസികോല്ലാസത്തിനും, കലയുമായി മാറിക്കഴിഞ്ഞു. ഇഷ്ടപ്പെട്ട സാധനങ്ങൾ തിരഞ്ഞെടുക്കാനും വേണ്ടെന്ന് വെക്കാനുമുള്ള കലാവൈഭവം എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് ഓരോ ഉപഭോക്താവിനും നന്നായറിയാം. തിരക്കു പിടിച്ച ജീവിത സാഹചര്യത്തിൽ കുടുംബത്തോടൊപ്പം ഷോപ്പിങ്ങ് മാളുകളിൽ ചെലവഴിക്കാനാണ് ക്രയശേഷിയുള്ള പുത്തൻ ഉപഭോക്താക്കൾ ഇപ്പോൾ താല്പര്യപ്പെടുന്നത്. ഇതിന് പുറമെ കൂടുതൽ വാങ്ങുമ്പോൾ നിർമ്മാതാക്കൾ നൽകുന്ന ഒന്നിനൊന്ന് എന്ന സൗഭാഗ്യങ്ങളും ഷോപ്പിങ്ങ് മാളുകളിലേക്ക് ജനങ്ങളെ ആകർഷിക്കുന്നുണ്ട്. സൗന്ദര്യ ഓഫറുകൾ, തൽസമയ സമ്മാന പദ്ധതികൾ കുക്കിങ്ങ് ഡെമൺട്രേഷൻ ക്ലാസുകൾ എന്നിവയും ഷോപ്പിങ്ങ് മാളുകളിലെ പുതിയ ആകർഷക ഘടകങ്ങളാണ്.

ഷോപ്പിങ്ങ് ഇടവേളകളിൽ ആസ്വദിക്കാൻ ഗാനമേളകൾ, മാജിക് ഷോ, ബ്രേക്ക് ഡാൻസ് തുടങ്ങിയ കലാപരിപാടികളും ഷോപ്പിങ്ങ് മാളുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. കുട്ടികൾക്ക് ആസ്വാദ്യമാകുന്ന ഇത്തരം എല്ലാ വാരാന്ത്യങ്ങളിലും അബാദിന്റെ ന്യൂക്ലിയസ് മാളിൽ പതിവാണ്. ഇത്തരം പരിപാടികൾ ആസ്വദിക്കുവാൻ മാത്രം ഷോപ്പിങ്ങ് മാളിൽ പോകണമെന്ന് നിർബന്ധം പിടിക്കുന്ന കുട്ടിയുടെ മുന്നിൽ രക്ഷിതാക്കളും വഴങ്ങും. ചുരുക്കത്തിൽ സാധനങ്ങൾ വാങ്ങാൻ മാത്രമല്ല നല്ലൊരു വിഭാഗം ഷോപ്പിങ്ങ് മാൾ തിരഞ്ഞെടുക്കുന്ന ത്. ഉദാഹരണത്തിന് എറണാകുളം പോലെയുള്ള വലിയ നഗരത്തിൽ പോലും സമയം ചെലവഴിക്കാൻ വേണ്ടത്ര വിനോദ സംവിധാനങ്ങളില്ല. സമയം ആഘോഷപൂർവ്വം ചെലവഴിക്കാൻ തയാറാവുന്ന ഒരു വിഭാഗവും ഷോപ്പിങ്ങ് മാൾ തിരഞ്ഞെടുക്കുന്നു.

ചെറുകിട കച്ചവടക്കാർ നൽകുന്ന ഊഷ്മളതയും, വ്യക്തിബന്ധവും, കടവും സൂപ്പർമാർക്കറ്റിലും ഷോപ്പിങ്ങ് മാളിലും ലഭിക്കുമോ എന്ന് വിമർശിക്കുന്നവരുമുണ്ട്. ശരിയാണ്. തലമുറകളായി ഉപഭോക്താക്കളും ചെറുകിട കച്ചവടക്കാരും തമ്മിലുള്ള ആത്മബന്ധമാണ് ഷോപ്പിങ്ങ് മാളുകളും, സൂപ്പർമാർക്കറ്റുകളും വരുമ്പോൾ വേരറ്റ് പോകുന്ന ചെറുകിട കടകളിൽ നിന്ന് ധാന്യമണികൾ മോഷ്ടിച്ച് തിന്ന് ജീവിച്ചിരുന്ന അങ്ങാടിക്കുരുവികൾ പോലും അടച്ചിട്ട് പ്രവർത്തിക്കുന്ന ഷോപ്പിങ്ങ് മാളുകൾ വന്നതോടെ അപ്രത്യക്ഷമായി തുടങ്ങിയിരിക്കുന്നു.

ഷോപ്പിങ്ങ് മാളുകൾ പുതിയ തൊഴിലവസരങ്ങൾ തുറന്ന് തരുന്നുണ്ടെന്നത് ആശ്വാസകരമാണ്. വൻകിട മാളുകളിൽ പ്രത്യക്ഷമായും പരോക്ഷമായും 1000 മുതൽ 2000 പേർക്ക് പുതിയ വരുമാനമാർഗം തുറന്ന് നൽകുന്നുണ്ട്. ഷോപ്പിങ്ങ് മാളുകളിൽ പൊതുവേ വില കൂടുതലാണെന്ന ആരോപണം നിലനിൽക്കുന്നുണ്ട്. എന്നാൽ വിലക്കുറവിന്റെ ആനുകൂല്യം മൽസരം കനക്കുന്നതോടെ ഷോപ്പിങ്ങ് മാളുകൾക്ക് നൽകാതിരിക്കാൻ വഴിയില്ല. മുന്തിയ ബ്രാൻഡ് ഉൽപ്പന്നങ്ങൾക്ക് തീർച്ചയായും വില കൂടുതലായിരിക്കും. ഉയർന്ന ക്രയശേഷിയുള്ളവർ അത് ഉയർന്ന വിലക്ക് വാങ്ങിയാലും കുഴപ്പമില്ല. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ചെറിയ പട്ടണങ്ങൾ കേന്ദ്രീകരിച്ച് ഉല്ലാസ കേന്ദ്രങ്ങൾ കൂടി ഉൾപ്പെട്ട ഷോപ്പിങ്ങ് മാളുകൾ ഭാവിയിൽ ഉയരുമെന്നതിന് സംശയമില്ല. ഒന്നിച്ചിരുന്നു വൈവിദ്ധ്യമാർന്ന ഭക്ഷണം കഴിക്കാനും, ഷോപ്പിങ്ങ് ഒരു വിസ്മയാനുഭവമാക്കാനും കഴിയുന്ന ഷോപ്പിങ്ങ് മാളുകളുടെ കാലമായിരിക്കും ഇനിയും വരാൻ പോവുന്നത്. തിരഞ്ഞെടുക്കാൻ അനവധി ഉൽപ്പന്നങ്ങളും, പോക്കറ്റിൽ നിറയെ കാശുമുള്ളവരുമുള്ളപ്പോൾ എന്തിനു ഷോപ്പിങ്ങ് മാളുകൾ കേരളത്തിൽ വരാതിരിക്കണം. ■

ന്നത് എന്ന ചോദ്യം ഒരോ വിദ്യാർത്ഥിയും സ്വയം ചോദിക്കേണ്ടതാണ്.

മലയാളത്തിന്റെ മഹാനായ കഥാകാരൻ എം.ടി.വാസുദേവൻ നായർ ഇപ്രകാരം എഴുതിയിട്ടുണ്ട്. *അവധി ദിനങ്ങൾ അടുത്തു വരുമ്പോൾ ധാരാളം എഴുതാം എന്ന പ്രതീക്ഷയായിരിക്കും മനസ്സിൽ എന്നാൽ വെറുതെ ചാരുകസേരയിൽ മനോരാജ്യം കണ്ടിരുന്ന് ആ നല്ല ദിനങ്ങളൊക്കെയും കടന്നുപോകുമ്പോൾ വല്ലാത്തൊരു കുണ്ഠിതം എനിക്കനുഭവപ്പെടാറുണ്ട്.* നമ്മിൽ പലരും അനുഭവിച്ചിട്ടുള്ള അവസ്ഥയാണിത്. അവധി ദിനങ്ങൾക്കായി നിരവധി പദ്ധതികൾ നാം മെനയാറുണ്ട് എന്നാൽ പലപ്പോഴും അവ പ്രാവർത്തികമാക്കാൻ നമുക്കു കഴിയാറില്ല. തീർച്ചയായും വ്യക്തമായ മുന്നൊരുക്കത്തോടെ അവധി ദിനങ്ങളെ സമീപിക്കാത്തതു തന്നെയാണ് ഇതിന്റെ പ്രധാനകാരണം.

**മദ്ധ്യവേനലവധി-ലക്ഷ്യം**

ഉഷ്ണമേഖലയിൽ സ്ഥിതി ചെയ്യുന്ന നമ്മുടെ രാജ്യത്ത് ക്ലാസ് റൂം പഠനത്തിന് അനുയോജ്യമല്ലാത്ത, പകലിന്റെ ദൈർഘ്യം ഏറിയ രണ്ട് മാസങ്ങളെയാണ് മദ്ധ്യവേനലവധിക്കായി സർക്കാർ തിരഞ്ഞെടുത്തിരിക്കുന്നത്. ശാരീരികവും മാനസികവുമായ വിശ്രമവും ഉല്ലാസവും കുട്ടികൾക്ക് ലഭിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പലവിധ കാരണങ്ങളാൽ ഇന്ന് നമ്മുടെ സ്കൂളുകൾ അവധിക്കാല ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. ഒട്ടും തന്നെ ആശാസ്യമായ ഒന്നല്ല വെക്കേഷൻ ക്ലാസുകൾ എന്ന് സൂചിപ്പിച്ച് കൊള്ളട്ടെ. 1989 ലെ അന്താരാഷ്ട്ര ഉടമ്പടിപ്രകാരം വിനോദത്തിനും വിശ്രമത്തിനും കുട്ടികൾക്കുള്ള അവകാശം സാർവദേശീയമായി തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

**ഒരുക്കം മുൻകൂട്ടി**

മുൻകൂട്ടി തയാറാക്കിയ ഒരു ടൈംടേബിൾ അവധിക്കാലത്തേയ്ക്കായി ഉണ്ടാവുന്നത് നല്ലതാണ്. നഷ്ടബോധത്തിനിട നൽകാതെ സന്തോഷകരവും ഉപകാരപ്രദവുമായി അവധി ദിനമാഘോഷിക്കാൻ അതു നിങ്ങളെ സഹായിക്കും. പഠന തിരക്കിന്റെ നാളുകളിൽ ഏർപ്പെടാൻ സാധിക്കാത്ത മേഖലകൾക്ക് ഊന്നൽ നൽകി വീട്ടിലെ മുതിർന്നവരുമായി ആലോചിച്ചു വേണം ഈ ടൈംടേബിൾ രൂപീകരിക്കാൻ. ഒട്ടുമിക്ക വീടുകളിലും ദീർഘയാത്രകൾക്കും ബന്ധുജന സന്ദർശനങ്ങൾക്കുമായി തിരഞ്ഞെടുക്കുന്ന സമയം മക്കളുടെ അവധി ദിനങ്ങളാണ്. അത്തരം യാത്രകളെല്ലാം പരിഗണിച്ചുവേണം ടൈംടേബിൾ തയാറാക്കാൻ. വിനോദത്തിനും വിശ്രമത്തിനും വിജ്ഞാനസമ്പാദനത്തിനുമുള്ള സമയം കൃത്യനിഷ്ഠയോടെ ക്രമപ്പെടുത്തി ടൈംടേബിൾ തയാറാക്കിയാൽ അവധിദിനങ്ങൾ വിരസമോ അലസമോ ആയിരിക്കില്ലെന്ന് തീർച്ച.

**ചില പ്രായോഗിക നിർദ്ദേശങ്ങൾ**


ഓരോരുത്തരുടെയും അഭിരുചികളും ഇഷ്ടാനിഷ്ടങ്ങളും വ്യത്യസ്ഥമാണെങ്കിലും അവധി ദിനങ്ങളെ ക്രിയാത്മകമായി വിനിയോഗിക്കാൻ സഹായിക്കുന്ന ചില ചിന്തകൾ ഇവിടെ പങ്കുവെയ്ക്കാം.

1. ഈശ്വര ചൈതന്യം ഒരോ വ്യക്തിയുടെയും ജീവിത വിജയത്തിന് മാറ്റുകൂട്ടും. കഴിയുമെങ്കിൽ ദിവസവും അൽപസമയം പ്രാർത്ഥനകൾക്കും ഈശ്വര ദർശനത്തിനുമായി മാറ്റിവെയ്ക്കുക.
2. കഴിഞ്ഞ കാലങ്ങളിലെ ജയപരാജയങ്ങളെ വിലയിരുത്താനും ആവശ്യമെങ്കിൽ പ്രവർത്തന പദ്ധതികളിൽ മാറ്റം വരുത്താനുമുള്ള ആത്മപരിശോധനാ വേളയായി അവധിക്കാലത്തെ ഉപയോഗപ്പെടുത്താം.
3. പാഠപുസ്തകങ്ങൾക്കപ്പുറത്തുള്ള വായനയുടെ വിശാലമായ ഒരു ലോകം നിങ്ങളെ മാടി വിളിക്കുന്നുണ്ട്. വായന ശാലകളെ പരമാവധി പ്രയോജനപ്പെടുത്തുക.
4. ആവശ്യവും അഭിരുചിയും പരിഗണിച്ച് ഉചിതമായ പരിശീലന പരിപാടി വേണം തിരഞ്ഞെടുക്കുവാൻ ഉദാ: നീന്തൽ പരിശീലനം, സ്പോക്കൺ ഇംഗ്ലീഷ് എന്നിവ
5. മത്സരാധിഷ്ഠിതമായ ലോകത്ത് പൊതുവിജ്ഞാനം അനിവാര്യമാണ്. ഈ അവധിക്കാലത്ത് പത്രം വായിച്ച് കുറിപ്പെഴുതുന്ന ശീലം ഒന്നാരംഭിച്ചു നോക്കൂ. വരും നാളെയ്ക്കുള്ള നല്ലൊരു തുടക്കമായിമാറുമത്.
6. വീട്ടു ജോലികളിൽ പ്രത്യേകിച്ച് പാചകത്തിൽ പങ്കാളികളാകാൻ ഒന്നു ശ്രമിച്ചു നോക്കുക. രസകരമായിരിക്കും ആ അനുഭവം.
7. അടുക്കള തോട്ടവും പൂന്തോട്ടവും നിർമ്മിച്ച് പ്രകൃതിയുമായി നല്ലൊരു ചങ്ങാത്തം തുടങ്ങാനും പറ്റിയ സമയമാണ് മദ്ധ്യവേനലവധി എന്നു മറക്കണ്ട.
8. അടുത്ത അദ്ധ്യായന വർഷത്തെ പാഠപുസ്തകങ്ങൾ സംഘടിപ്പിക്കാനും അതിനോട് ബന്ധപ്പെട്ട പുസ്തകങ്ങളും സിനിമകളും ഡോക്യുമെന്ററികളുമെല്ലാം സംഘടിപ്പിച്ച് വെക്കാവുന്നതാണ്.
9. ടിവിയുടെയും ഇന്റർനെറ്റിന്റെയും കമ്പ്യൂട്ടർ ഗെയിമുകളുടെയും ഉപയോഗം കുറച്ച് വ്യക്തിത്വ രൂപീകരണത്തിൽ നിങ്ങളെ സഹായിക്കുന്ന കലാ സാംസ്കാരിക സംഘടനാ പ്രവർത്തനങ്ങൾക്കായി സമയം കണ്ടെത്തുക.
10. ഈ അവധിക്കാലത്ത് നിങ്ങളുടെ വീട്ടിലെ മുതിർന്നവരുമായി അല്പസമയം ചിലവഴിച്ചു നോക്കൂ. നമ്മെ അത്ഭുതപ്പെടുത്തുന്ന ജീവിതാനുഭവങ്ങൾ അവർക്കു നമ്മോട് പങ്കുവെയ്ക്കാനുണ്ടാകും. ഓർക്കുക അവയൊന്നും ഗൂഗിൾ സെർച്ചിൽ ലഭ്യമായ വിവരങ്ങളല്ലെന്ന്..

*നിങ്ങൾക്കു പറക്കാൻ കഴിയുന്നില്ലെങ്കിൽ ഓടുക*
*ഓടാനാവുന്നില്ലെങ്കിൽ നടക്കുക*
*നടക്കാനാവുന്നില്ലെങ്കിൽ ഇഴയുക*
*എന്തുതന്നെയായാലും നിങ്ങൾ മുന്നോട്ട്-*
*പൊയ്ക്കൊണ്ടേയിരിക്കണം*

മഹാനായ അമേരിക്കൻ നേതാവ് മാർട്ടിൻ ലൂഥർകിംഗിന്റെ ഈ വാക്കുകൾ നിങ്ങളെ വഴി നടത്തട്ടെ. അർത്ഥപൂർണ്ണമായ ക്രിയാത്മകമായ ഒരവധിക്കാലം ആശംസിക്കുന്നു...

■



അവധിക്കാലം എങ്ങനെ ചെലവഴിക്കണമെന്നതിനെക്കുറിച്ച് വ്യക്തമായ ഒരു പ്ലാൻ ഉണ്ടായിരിക്കണം. പ്ലാനിംങ് ചെയ്യുമ്പോൾ 10,12 ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു മാസം മാത്രമേ അവധിക്കാലം ഉണ്ടായിരിക്കുകയുള്ളൂ എന്നത് ശ്രദ്ധിക്കണം. മറ്റു കുട്ടികൾക്ക് രണ്ടു മാസത്തേക്കുള്ള ഒരുക്കങ്ങൾ ഉണ്ടായിരിക്കണം. അവധിക്കാലത്ത് ബന്ധുവീടുകൾ സന്ദർശിക്കണം എന്ന ഒരു നിഷ്ഠ ഉണ്ടാകുന്നത് നല്ലതാണ്. അടുപ്പമുള്ള ബന്ധുവീടുകൾ സന്ദർശിക്കുന്നത് ബന്ധങ്ങളുടെ ദൃഢത വർദ്ധിപ്പിക്കുന്നതിനും, ഒന്നോ രണ്ടോ ദിവസങ്ങൾ അവിടെ താമസിക്കുന്നത് കുട്ടികളിലെ Social Skills വർദ്ധിപ്പിക്കുന്നതിനും സഹായിക്കും.

അവധിക്കാലത്ത് വിനോദയാത്രകൾ സംഘടിപ്പിക്കുന്നത് പ്രകൃതി ആസ്വദിക്കുന്നതിനും അറിവ് നേടുന്നതിനും സഹായകമാണ്. ഉദാഹരണത്തിന് കന്യാകുമാരി സന്ദർശിക്കുമ്പോൾ അത് മൂന്ന് കടലുകളുടെ സംഗമമാണെന്ന അറിവ് കുട്ടികളിലുണ്ടാകുന്നു. അവധിക്കാലത്ത് വിവിധ തരത്തിലുള്ള ക്യാമ്പുകൾ പല സ്ഥാപനങ്ങളും സംഘടിപ്പിക്കാറുണ്ട്. പഠന ക്യാമ്പുകൾ, വ്യക്തിത്വ വികസന ക്യാമ്പുകൾ, സാഹസിക ക്യാമ്പുകൾ എന്നിവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുക്കുന്നതും നല്ലതാണ്. കലാപരമായും സാഹിത്യപരമായും ഉള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് അവധിക്കാലം ഉപയോഗിക്കാം. ആസ്വാദനത്തിനോടൊപ്പം അറിവു നേടുന്നതിനും നല്ല പുസ്തകങ്ങൾ വായിക്കാനുള്ള സമയം കണ്ടെത്തണം.

പിന്നോക്കാവസ്ഥയിലുള്ള വിഷയങ്ങൾക്ക് അവധിക്കാലത്ത് remedial class ൽ പങ്കെടുക്കുന്നത് നല്ലതാണ്. വൈകുന്നേരങ്ങളിലെ കൂട്ടായ്മയും ഏതെങ്കിലും വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും കുടുംബബന്ധങ്ങൾ വളർത്തുന്നതിന് ഉപകരിക്കും. കൂട്ടുകാരോടൊത്തുള്ള കളികൾക്കും സമയം കണ്ടെത്തണം. ആൺകുട്ടികളെ അച്ഛന്റെ ജോലിയിലും പെൺകുട്ടികളെ അമ്മയുടെ ജോലിയിലും ഉൾപ്പെടുത്തണം. അതുമൂലം അവർ തമ്മിലുള്ള ബന്ധം വർദ്ധിക്കുന്നതിനും അവരുടെ വ്യക്തിത്വം വികസിക്കുന്നതിനും ഇടയാകും.



അവധിക്കാലം എപ്പോഴും അമ്മമാർക്ക് ഒരു തലവേദനയാണെന്ന് അഭിപ്രായമുണ്ട്. കാരണം കുട്ടികൾക്ക് കൂടുതൽ അപകടങ്ങൾ സംഭവിക്കുക അവധിക്കാലത്താണ്. അവധിക്കാലം ശരിയായ രീതിയിൽ ആസൂത്രണം ചെയ്തില്ലെങ്കിൽ പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. Tour, Camp എന്നിവയിൽ പങ്കെടുക്കുന്നത് എപ്പോഴും ഒരു relaxed mood ൽ ആയിരിക്കണം.

കുട്ടികളിൽ മൂല്യബോധം വളർത്തുന്നതിന് അവധിക്കാലത്ത് സമയം കണ്ടെത്താം. മുത്തശ്ശന്റെയും മുത്തശ്ശിയുടെയും പരിചരണത്തിൽ കുട്ടികളെ ഉൾപ്പെടുത്തുന്നത് അവർക്ക് ഒരു നല്ല അനുഭവമായിരിക്കും. Orphanage, Old age home തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതും കഴിയുമെങ്കിൽ ഒരു വോളന്ററി (Voluntry) സർവ്വീസ് നടത്തുന്നതും കുട്ടികളിലെ മൂല്യബോധം വളർത്തുന്നതിന് സഹായിക്കും. വീട്ടിലേക്കാവശ്യമായ ബാങ്ക് ഇടപാടുകൾ വൈദ്യുതി, വെള്ളം തുടങ്ങിയ ബില്ലുകൾ അടയ്ക്കൽ എന്നീ ഉത്തരവാദിത്വമുള്ള ജോലികൾ ചെയ്യിക്കുന്നത് കുട്ടികളിൽ പ്രായോഗിക പരിജ്ഞാനം വർദ്ധിപ്പിക്കും.

ഒരു മാസത്തെ അല്ലെങ്കിൽ രണ്ടുമാസത്തെ അവധിക്കാലം വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തിയാൽ കുട്ടിക്കും കുടുംബത്തിനും അത് പുത്തൻ ഉണർവേകും. അവധിക്കാലം കഴിഞ്ഞ് പഠനമാരംഭിക്കുമ്പോൾ ശാരീരികവും മാനസികവുമായി ഒരു പടികൂടി പക്വത നേടിയിരിക്കും. അവധിക്കാലാഘോഷം ശരീരത്തിന് ആരോഗ്യവും മനസ്സിനു കരുത്തും അറിവും ആഹ്ലാദവുമായി പരിണമിക്കട്ടെ. ■

മുമ്പിൽ പുതിയൊരു ചരിത്രം വിരചിക്കാനുള്ള തയാറെടുപ്പിലാണെന്നു തീർച്ച. ഫ്രാൻസിസ് എന്ന പേരു തിരഞ്ഞെടുത്തുകൊണ്ട് ബെർഗോളിയോ പറഞ്ഞതു ഇപ്രകാരമാണ്. ലോകത്തിലെ 40 ശതമാനം കത്തോലിക്കർ അധിവസിക്കുന്ന ലാറ്റിൻ അമേരിക്കയിലാണ് എന്റെ വേരുകൾ. മാർപാപ്പ എന്ന നിലയിൽ ഔദ്യോഗിക നാമം തിരഞ്ഞെടുക്കേണ്ട ഘട്ടം വന്നപ്പോൾ എന്റെ മനസ്സിൽ എത്തിയത് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് ആയിരുന്നു. രണ്ടാം ക്രിസ്തു എന്നു വിളിക്കപ്പെട്ടയാൾ, പഞ്ചക്ഷത മുദ്രകൾ കൊണ്ടു അനുഗ്രഹിക്കപ്പെട്ടവൻ. യേശു ക്രിസ്തുവിനൊപ്പം അല്ലെങ്കിൽ ഒന്നുരണ്ടു ചുവടു പിന്നിൽ അവിടുത്തെ അനുഗമിച്ചവൻ. വിദ്യഭ്യാസം വേണ്ടെന്നു വച്ചു. അസ്സീസി നഗരത്തിലെ രാത്രികളിൽ കൂട്ടുകാരുമൊത്ത് ആടിപ്പാടി ഉല്ലസിച്ചും സല്ലപിച്ചും പണം ധൂർത്തടിച്ച് അത്ര പുണ്യവാനൊന്നുമല്ലാതെ ജീവിച്ചവൻ. ധനാഢ്യനായ പീറ്റർ ബർണാർഡിന്റെ മൂത്തപുത്രൻ. താൻ സ്വർഗ്ഗീയ പിതാവിന്റെ പുത്രനാണ് പീറ്റർ ബർണാർഡുമായി ഒരു ബന്ധവുമില്ല എന്നു പറഞ്ഞു തന്റെ ഉടുതുണി പോലും അപ്പന് തിരിച്ചു കൊടുത്തു സ്വാതന്ത്ര്യം നേടിയവൻ.

ഒരു രാത്രി അദ്ദേഹം സ്വപ്നം കണ്ടു. ആരോ തന്നെ വിളിക്കുന്നു. *എന്റെ ആലയം ഇടിഞ്ഞു വീഴാറായിരിക്കുന്നു. ഫ്രാൻസിസ് നീ വേണം അതു പുതുക്കി പണിയാൻ.* അവൻ ഞെട്ടിയുണർന്ന് പിറ്റേന്നു തന്നെ സാൻദാമിയാനോ പള്ളിയുടെ ഉദ്ധാരണം ആരംഭിച്ചു. പിന്നീടാണ് മനസ്സിലായത്, സാൻദാമിയാനോ ദേവാലയത്തിന്റെ കാര്യമല്ല സഭാസൗധത്തിന്റെ കാര്യമാണ് കർത്താവ് പറഞ്ഞതെന്ന്. ഇപ്പോൾ മനസ്സിലായില്ലേ എന്തുകൊണ്ടാണ് ഫ്രാൻസീസ് എന്ന നാമം തിരഞ്ഞെടുത്തതെന്ന് കർദ്ദിനാൾ സംഘത്തോട് ബെർഗോളിയോ ചോദിച്ചു. തന്റെ സിംഹാസനത്തിൽ നിന്നു താഴെയിറങ്ങി മറ്റു കർദ്ദിനാൾമാരോടൊപ്പം ഇരുന്നുകൊണ്ടാണ് മാർപാപ്പ ഈ ചോദ്യം ചോദിച്ചത്.

പരമ്പരാഗതമായ കത്തോലിക്കാ ദൈവശാസ്ത്രത്തിനു ഒരു മാനുഷിക മുഖം നൽകുന്നതിനു പുതിയ പാപ്പ ആഗ്രഹിക്കുന്നു. കത്തോലിക്കാ സഭയുടെ അതിരുകൾക്കപ്പുറം ആദരിക്കപ്പെടുന്ന താപസതുല്യനായ അസ്സീസിയുടെ ദാരിദ്ര്യാരൂപി, സുവിശേഷാത്മ ലാളിത്യം, മിശിഹാനുകരണ താൽപര്യം അവിടുത്തെ പേരിൽ എന്തും സഹിക്കാനും അപമാനിക്കപ്പെടാനുമുള്ള ആവേശം, ദരിദ്രരോടും പാവപ്പെട്ടവരോടും, കുഷ്ഠരോഗികളോടും അനാഥരോടുമുള്ള സ്നേഹം ഇവയൊക്കെ ലോകത്തിനു കാണിച്ചുകൊടുക്കാൻ താനും സഭയും പ്രതിജ്ഞാബദ്ധമാകണമെന്ന സന്ദേശമാണ് ബെർഗോളിയോ ഇതുമൂലം ലോകത്തിനു നൽകിയത്. വെറും സാധാരണക്കാരനെപ്പോലെ ജീവിക്കാൻ ആഗ്രഹിക്കുകയും ജീവിക്കുകയും ചെയ്യുന്ന ബെർഗോളിയോ തന്നെയാകണം പാപ്പ എന്നു കർദ്ദിനാൾമാർ തീരുമാനിച്ചതിൽ ഏറെ ഔചിത്യമുണ്ട്. വലിയ മണിമന്ദിരങ്ങളിൽ താമസിക്കാതെ വെറും സാധാരണ അപ്പാർട്ടുമെന്റിൽ താമസിക്കുക. സഭാ തലവന്മാർ ഉപയോഗിക്കുന്ന പ്രത്യേക വാഹനങ്ങൾ വേണ്ടെന്നുവെച്ചു മെട്രോയിലും ബസ്സിലും സഞ്ചരിക്കുകയും സമയത്തിന് ഓഫീസിൽ എത്തിച്ചേരുകയും. മറ്റുള്ളവർ തയാറാക്കുന്ന അതിവിശിഷ്ടം ആഹാരം കഴിക്കാതെ സ്വന്തമായി ഭക്ഷണങ്ങൾ പാചകം ചെയ്യുക. അത്യാഡംബര വസ്ത്രങ്ങൾ ഉപേക്ഷിച്ചു തികച്ചും ലളിതമായ വസ്ത്രങ്ങൾ ധരിക്കുക. അങ്ങനെ സാധാരണക്കാരന്റെ നിലയിലേക്ക് താണിറങ്ങി വഴിയിൽ കാണുന്നവരോടൊക്കെ കുശലം പറഞ്ഞും വേദനിക്കുന്ന രോഗികളിലേക്ക് കടന്നുചെന്ന് ആശ്വസിപ്പിച്ചും, കുഞ്ഞുങ്ങളെ തോളിലേന്തി ലാളിച്ചും മുന്നോട്ടുപോകാൻ ശ്രമിക്കുന്ന ഒരു പാപ്പയെത്തന്നെയാണ് ലോകം പ്രതീക്ഷിച്ചിരുന്നത്.

യൂറോപ്പിൽ നിന്നായിരുന്നു ഒരു പാപ്പ വന്നിരുന്നതെങ്കിൽ സാധാരണക്കാരുടെ രീതി ഇത്രയേറെ സ്വീകരിക്കുവാൻ സാധ്യമാകുമായിരുന്നില്ല. കാരണം, യൂറോപ്പിലെല്ലായിടത്തുമുള്ള അരമനകളിൽ താമസിക്കുന്നത് കർദ്ദിനാൾമാരാണ്. അവർക്ക് അവരുടേതായ വാഹനങ്ങൾ ഉണ്ട്. പ്രത്യേക സാഹചര്യങ്ങളുണ്ട്. പ്രത്യേക വ്യവസ്ഥകളുണ്ട്. അവരെല്ലാം തന്നെ ഔദ്യോഗിക പരിവേഷത്താൽ ബന്ധിതരാണ്.

എന്നാൽ ലാറ്റിനമേരിക്കയിൽ നിന്നുള്ള ബെർഗോളിയയ്ക്ക് സാധാരണക്കാരനാകാൻ എളുപ്പമാണ്. കാരണം, ഓഫീസ് മാത്ര ഭരണം അവിടത്തെ മെത്രാന്മാർക്ക് അസാധ്യമാണ്. അവിടത്തെ മെത്രാൻ അരമനയിൽ ഇരുന്നു ഭരിക്കുന്നവരല്ല. എവിടെയെല്ലാം ജനങ്ങൾ കൂടുന്നുവോ അവിടങ്ങളിൽ ചെന്ന് തിരുക്കർമ്മങ്ങൾ അനുഷ്ഠിച്ചും വചനം പ്രസംഗിച്ചും ജനങ്ങൾക്ക് സാന്ത്വനമേകുന്ന ഒരു



*അർജന്റീന പ്രസിഡന്റ് ക്രിസ്റ്റീന ഫെർണാണ്ടസിനോടൊപ്പം ഫ്രാൻസിസ് പാപ്പ*



# പന്തയം

കഥ

**ആന്റൺ പവ്‌ലോവിച്ച് ചെക്കോവ്**
**(പരിഭാഷ: റവ.ജോർജ് മാത്യു പുതുപ്പള്ളി)**

ശരത് കാലത്തിലെ തണുപ്പുനിറഞ്ഞ ഒരു ദിവസമായിരുന്നു അത്. വൃദ്ധനായ ആ ബാങ്ക് ഉടമ മുറിയുടെ ഒരു കോണിൽ നിന്നും മറ്റൊരു കോണിലേക്ക് എന്തോ ഗാഢമായി ചിന്തിച്ചുകൊണ്ട് ഉലാത്തുകയായിരുന്നു. കൃത്യം പതിനഞ്ച് വർഷങ്ങൾക്ക് മുമ്പൊരു ശരത്കാല സന്ധ്യയിൽ സുഹൃത്തുക്കൾക്ക് നൽകിയ വിരുന്ന് സൽക്കാരമായിരുന്നു അദ്ദേഹത്തിന്റെ ചിന്താവിഷയം.

ആ വിരുന്നിൽ അദ്ദേഹത്തിന്റെ സമ്പന്നരും സമർത്ഥരുമായ നിരവധി സുഹൃത്തുക്കൾ പങ്കെടുക്കുകയും രസകരമായ പല വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയും ചെയ്തിരുന്നു. സംഭാഷണ വേളയിൽ കടന്നുവന്ന വിഷയം “വധശിക്ഷ” എന്നുള്ളതായിരുന്നു. ഏതാനും ചില പത്രപ്രവർത്തകരും ബുദ്ധിജീവികളും ഒഴികെ ബഹുഭൂരിപക്ഷവും വധശിക്ഷ ഭൂമുഖത്തുനിന്ന് നിരോധിക്കണമെന്നും പകരം ജീവപര്യന്തം തടവ് നിയമാനുസൃതമാക്കണമെന്നും ശക്തിയുക്തം വാദിച്ചു.

“ഞാൻ നിങ്ങളോട് യോജിക്കുന്നില്ല” ആതിഥേയനായ ബാങ്കർ പറഞ്ഞു. അദ്ദേഹം തുടർന്നു “എനിക്ക് വധശിക്ഷയും ജീവപര്യന്തവും അനുഭവിക്കേണ്ടി വന്നിട്ടില്ല. എങ്കിലും ഇവയിൽ ഒന്നിനെ അനുകൂലിക്കാൻ അവസരം കിട്ടിയാൽ ഞാൻ വധശിക്ഷ തിരഞ്ഞെടുക്കും. കാരണം ജീവപര്യന്തത്തേക്കാളേറെ ധാർമ്മികവും മനുഷ്യത്വം നിറഞ്ഞതുമായ ഒന്നാണ് വധശിക്ഷ. വധശിക്ഷ മനുഷ്യനെ ഏതാനും നിമിഷം കൊണ്ട്

വക്കീലിന്റെ മുറിയിൽ ഒരു മെഴുകുതിരി മങ്ങി കത്തുന്നുണ്ട്. മേശയിൽ ചാരിയിരിക്കുകയാണ് വക്കീൽ. അയാളുടെ പിറകുവശവും നീണ്ട തലമുടിയും കൈകളും മാത്രമേ ബാങ്കർക്ക് കാണാനാവൂ. പുസ്തകങ്ങൾ അവിടവിടെയായി ചിതറി കിടക്കുന്നുണ്ട്.

അഞ്ചുമിനിറ്റു നേരം ബാങ്കർ അയാളെത്തന്നെ നോക്കി നിന്നു. വക്കീൽ ഒന്നനങ്ങുന്നു പോലുമില്ല. പതിനഞ്ച് വർഷത്തെ ഏകാന്തജീവിതം ചലനരഹിതമായിരിക്കുവാൻ അയാളെ അഭ്യസിപ്പിച്ചിരിക്കുന്നു. ബാങ്കർ ജനലിൽ തന്റെ വിരലുകൾ കൊണ്ട് ശബ്ദമുണ്ടാക്കി നോക്കി. എന്നിട്ടും വക്കീലിൽ നിന്നും ഒരു മറുപടിയോ അനക്കമോ കാണുന്നില്ല. മുദ്ര വച്ച കതക് ബാങ്കർ ശ്രദ്ധാപൂർവ്വം തുറന്നു. പഴകി തുരുമ്പിച്ച കതകു പാളികൾ ഞരക്കത്തോടെ കിരുകിരാ ശബ്ദം പുറപ്പെടുവിച്ചു. എന്നിട്ടും വക്കീലിന് ഒരു പ്രതികരണവുമില്ല. ബാങ്കർ പതിയെ മുറിക്കകത്ത് കയറി.

മേശയ്ക്ക് മുമ്പിൽ മനുഷ്യരൂപമുള്ള ഒരു അസ്ഥിക്കൂടം ഇരിക്കുന്നതായി അയാൾക്ക് തോന്നി. ആകപ്പാടെ വികൃതമായ ഒരു കോലം. വക്കീലിന്റെ സമീപം കടലാസിൽ എന്തോ എഴുതിയും വച്ചിരിക്കുന്നു.

"ഉറങ്ങുന്ന ഇയാൾ ലക്ഷങ്ങളെക്കുറിച്ചുള്ള മധുരസ്വപ്നങ്ങൾ കാണുകയായിരിക്കും. പാവം മനുഷ്യൻ! അടുത്ത ഒരു നിമിഷംകൊണ്ട് തലയിണ അമർത്തി ഇയാളെ താൻ കൊല്ലുവാൻ പോകുന്ന വിവരം സാധു അറിയുന്നില്ല. സ്വാഭാവിക മരണമെന്ന് വരുത്തി തീർക്കാനുമാവും. അതിനു മുമ്പായി മേശപ്പുറത്തിരിക്കുന്ന കത്ത് ഒന്ന് വായിച്ചുകളയാം" ബാങ്കർ ചിന്തിച്ചു.

ബാങ്കർ ആ കടലാസ് മേശപ്പുറത്തുനിന്നെടുത്ത് വായിക്കുവാൻ തുടങ്ങി. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"നാളെ രാത്രി കൃത്യം പന്ത്രണ്ടുമണിക്ക് ഞാൻ സ്വതന്ത്രനാകും. പക്ഷേ അതിനുമുമ്പ് എനിക്ക് ചില കാര്യങ്ങൾ ബാങ്കറോട് പറയുവാനുണ്ട്. സർവ്വശക്തനായ ദൈവത്തിന്റെയും എന്റെ ശുദ്ധമായ മന:സാക്ഷിയുടെയും മുമ്പാകെ നിന്നുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ലോകത്തിലെ അനുഗ്രഹങ്ങളെന്ന് നിങ്ങളുടെ പുസ്തകങ്ങൾ വിശേഷിപ്പിച്ച എന്റെ ജീവിതവും സ്വാതന്ത്ര്യവും ആരോഗ്യവും മറ്റെല്ലാം തന്നെയും ഞാൻ നശിപ്പിച്ചു

കഴിഞ്ഞ പതിനഞ്ച് വർഷക്കാലമായി ഭൗതികജീവിതത്തെക്കുറിച്ച് ആഴമായി ഞാൻ പഠിക്കുകയായിരുന്നു. ഭൂമിയെയോ ജീവജാലങ്ങളെയോ കാണാതെ തന്നെ നിങ്ങൾ തന്ന ഗ്രന്ഥങ്ങളിലൂടെ ഞാൻ മധുപാനം ചെയ്തു, ഗാനമാലപിച്ചു, മൃഗവേട്ട നടത്തി, വനദേവതകളുമായി സംഭാഷിച്ചു, ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പർവ്വതങ്ങളിൽ കയറി, സൂര്യൻ അതിരാവിലെ ഉദിക്കുന്നതും വൈകുന്നേരം അസ്തമിക്കുന്നതും ഞാൻ ദർശിച്ചു. സമുദ്രവും മലഞ്ചെരുവുകളും സ്വർണ്ണനിറത്തെ പൂകുന്നതും മിന്നലുകൾ കണ്ണഞ്ചുന്നതും കാർമേഘങ്ങൾ ഓടി മറയുന്നതും ഞാൻ കണ്ടു. പച്ചിലക്കാടുകളും വയലുകളും നദികളും തടാകങ്ങളും നഗരങ്ങളും ഞാൻ ദർശിച്ചു. സൈറൺ മുഴങ്ങുന്നതും പക്ഷികൾ മധുരഗാനങ്ങൾ ആലപിക്കുന്നതും ദൈവത്തിന്റെ മധുര ശബ്ദങ്ങളുമായി മാലാഖമാർ എന്റെയടുത്ത് വന്ന് പാടുന്നതും ഞാൻ കേട്ടു. നിങ്ങളുടെ ഗ്രന്ഥങ്ങളിൽ കൂടി താഴ്വരകളിൽ ഞാൻ ഓടിക്കളിച്ചു, അത്ഭുതങ്ങൾ പ്രവർത്തിച്ചു, നഗരങ്ങൾ ചുട്ടെരിച്ചും, പുതിയ മതങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തി, രാജ്യങ്ങൾ കീഴടക്കി....

നിങ്ങളുടെ ഗ്രന്ഥങ്ങൾ എനിക്ക് ആവശ്യത്തിലേറെ വിജ്ഞാനം പ്രദാനം ചെയ്തു. അനേക യുഗങ്ങളിലെ അറിവുകൾ എന്റെ തലച്ചോറിൽ കൂടുകെട്ടി. നിങ്ങളെക്കാളൊക്കെ അറിവുള്ളവനാണ് ഞാനെന്ന് എനിക്ക് ഇപ്പോൾ അഭിമാനിക്കാം.

ഒടുവിലായി, നിങ്ങളുടെ പുസ്തകങ്ങളിലും എല്ലാ ലൗകിക സുഖങ്ങളും വിജ്ഞാനവും ഞാൻ ഇവിടെ ഉപേക്ഷിക്കുകയാണ്. എല്ലാം വെറും മായയോ മിഥ്യയോ നീർക്കുമിളയോ സ്വപ്നമോ ആയിരുന്നു. നിങ്ങൾ എത്ര തവണ ഉന്നതനോ സുന്ദരനോ ജ്ഞാനിയോ ആരോഗ്യവാനോ ആയിരുന്നാലും ഒരുനാൾ മരണം നിങ്ങളെ ഒന്നുമില്ലാത്തവനാക്കും. ഒടുവിൽ നിങ്ങളുടെ പാരമ്പര്യവും ചരിത്രവും അമർത്യതയുമൊക്കെ ചുടലക്കളങ്ങളിലെ ചാരം പോലെ അവശേഷിക്കും.

നിങ്ങൾ ബുദ്ധിഹീനനാണ്, തെറ്റായ പാതയിലൂടെ ചരിക്കുന്നവൻ. സത്യത്തിനു പകരം ഭോഷ്ക്കും സൗന്ദര്യത്തിനു പകരം വൈരൂപ്യവും നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നു. ആപ്പിൾ വൃക്ഷവും ഓറഞ്ചു മരവും പഴങ്ങൾക്ക് പകരം പെട്ടെന്ന് തവളകളെയും പല്ലികളെയും വർഷിക്കുവാൻ തുടങ്ങുമ്പോൾ അഥവാ മനോഹരമായ റോസാപുഷ്പം ദുർഗന്ധം പുറപ്പെടുവിക്കുവാൻ ഒരുങ്ങുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും. ഭൂമിയിലെ സുഖങ്ങളെ ശാശ്വതമാക്കുവാൻ പരിശ്രമിക്കുന്ന നിങ്ങളെക്കണ്ട് എനിക്ക് സഹതാപം തോന്നുന്നു. ഇക്കാര്യങ്ങൾ നിങ്ങൾക്ക് മനസ്സിലാക്കിത്തരുവാൻ ഞാൻ ശ്രമിക്കുന്നില്ല.

ഒരു കാലത്ത് പറുദീസയെന്ന് ഞാൻ സ്വപ്നം കണ്ട രണ്ടു ലക്ഷം റൂബിൾ പരമ പുച്ഛത്തോടെ ഇതാ ഞാൻ ഉപേക്ഷിക്കുന്നു. എനിക്ക് അനുവദിച്ച കാലാവധി തീരുന്നതിന് അഞ്ചുമിനിറ്റ് മുമ്പ് കരാർ ലംഘിച്ചു കൊണ്ട് ഞാൻ തടവറക്ക് ഉള്ളിൽ നിന്നും പുറത്തിറങ്ങും ഗുഡ്ബൈ.....

വിറയാർന്ന കരങ്ങളോടെ ആ കത്ത് വായിച്ചിട്ട് വക്കീലിനെ നോക്കി ബാങ്കർ പൊട്ടിക്കരഞ്ഞു. അവസാനം ശബ്ദമുണ്ടാക്കാതെ പുറത്തിറങ്ങി വീട്ടിൽ വന്ന് കിടന്നു. അന്നുരാത്രി ഒരുപോള കണ്ണടയ്ക്കുവാൻ അയാൾക്കായില്ല.

പിറ്റേന്ന് ഉച്ചയ്ക്ക് കാവൽക്കാരൻ ഓടിയെത്തി വക്കീൽ രക്ഷപ്പെട്ട വിവരം ബാങ്കറെ അറിയിച്ചു. ബാങ്കർ തടവുമുറിയിലെത്തി രക്ഷപ്പെടൽ സ്ഥിരീകരിച്ചു. അനാവശ്യവിവാദങ്ങൾ ഒഴിവാക്കുവാനായി വക്കീൽ എഴുതിയ കത്തും അയാൾ കയ്യിലെടുത്തിരുന്നു. വീട്ടിലെത്തിയ ബാങ്കർ കുറ്റബോധത്തോടെ ആ കത്ത് സേഫിൽ സുരക്ഷിതമായി വച്ചുപൂട്ടി. ■




# ഗ്രാമങ്ങളിലേക്ക് ഒരു നോട്ടം

ത്തിന്റെ മുക്കിലും മൂലയിലും നടക്കുന്ന കാര്യങ്ങൾ പോലും അപ്പപ്പോൾ ലോകം മുഴുവൻ അറിയാൻ കഴിയുന്ന തരത്തിൽ ടെക്നോളജി വികസിച്ചു. അടുക്കള മുതൽ ഉദ്യോഗ സ്ഥാപനങ്ങൾ വരെ ഇതിന്റെ ഫലം ഇന്ന് അനുഭവിക്കുന്നുണ്ട്. വാഹനങ്ങളുടെ പെരുപ്പം പട്ടണങ്ങളിലേതുപോലെ തന്നെ ഗ്രാമങ്ങളെയും ഇന്ന് കീഴടക്കിക്കൊണ്ടിരിക്കുന്നു. ദൂരം മരിച്ചിരിക്കുന്നു. സമാധാനത്തിന്റെ പ്രതീകങ്ങൾ ആയിരുന്ന കുടുംബങ്ങൾ ഇന്ന് എവിടെയുമില്ല. ഗ്രാമത്തിന്റെ ജീവവായു ആയിരുന്ന മുത്തച്ഛനും, മുത്തശ്ശിയും, സ്നേഹ സമ്പന്നരായിരുന്ന മാതാപിതാക്കളും, അനുസരണ ശീലമുള്ള മക്കളും ഇന്ന് എവിടെയോ മറഞ്ഞിരിക്കുന്നു. പ്രായമായ മാതാപിതാക്കളെ നോക്കാനും അവർക്ക് വേണ്ട സഹായം ചെയ്ത് കൊടുക്കാനും, മക്കൾ ഇന്ന് തയാറാവുന്നില്ല. ഫാസ്റ്റ് ഫുഡ് പോലെ തന്നെ അവരുടെ ജീവിതവും ഇന്ന് ഫാസ്റ്റായിരിക്കുന്നു.

**തകരുന്ന കാർഷിക ഗ്രാമങ്ങൾ**

1991 – ൽ ആഗോളവൽക്കരണം നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയതോടെ ഗ്രാമങ്ങളുടെ അധ:പതനവും ആരംഭിച്ചു എന്ന് തന്നെ പറയേണ്ടിയിരിക്കുന്നു. കാർഷിക വിളകളുടെ വിലയും ഡിമാന്റും താണുകൊണ്ടിരിക്കുന്നു. ഒരു പരിധിവരെ ഇത് ഗ്രാമങ്ങളുടെ വികസനത്തെ ഉലക്കുന്നുണ്ട്. ഇന്ന് വിദേശ രാജ്യങ്ങളിൽ നിന്ന് ലഭിക്കാത്തതായി നമ്മുടെ നാട്ടിൽ ഒന്നും തന്നെയില്ല. തങ്ങളുടെ കഷ്ടപാടിനെ നീക്കാൻ കർഷകർ എന്തും ചെയ്തു പോകുന്ന അവസ്ഥാ വിശേഷമാണ് ഗ്രാമങ്ങളിൽ സംജാതമായിരിക്കുന്നത്. കർഷക ആത്മഹത്യകൾ ഇന്നും ഗ്രാമങ്ങളിൽ നടക്കുന്നു. ഇങ്ങനെ